34 (997) സ്റ്റാമ്പ് ഡ്യൂട്ടി മുഖേനയുള്ള വരുമാനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:.

(എ) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക സംസ്ഥാനത്തിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര തുക പഞ്ചായത്തുകൾക്ക് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) മുൻകാലങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വെട്ടിപ്പ് നടത്തിയവരിൽനിന്ന് തുക തിരിച്ച് പിരിച്ചെടുത്തതുവഴി എത്ര രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 219.09 കോടി രൂപ

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ 74,06,62,497 രൂപ വിതരണം ചെയ്തു.

(സി) 1.1.1986 മുതൽ 31.12.1995 വരെയുള്ള കാലയളവിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ വെട്ടിപ്പ് നടത്തിയവരിൽനിന്നും കോംപൗണ്ടിംഗ് പദ്ധതി പ്രകാരം 14,90,33,183 രൂപയും കഴിഞ്ഞ സാമ്പത്തികവർഷം ലഭിച്ചിട്ടുണ്ട്. കോംപൗണ്ടിംഗ് പദ്ധതിയിൽപെടാത്ത കാലയളവിൽ (1.1.96 മുതൽ 31.3.99 വരെ) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് നടത്തിയവരിൽനിന്നും കഴിഞ്ഞ സാമ്പത്തികവർഷം ലഭിച്ച തുക ജില്ലാ രജിസ്ട്രാർമാരിൽനിന്നും ശേഖരിച്ചു നൽകുന്നതാണ്.

35 (998) സ്റ്റാമ്പ് ഡ്യൂട്ടി കുറച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ

ശ്രീ. ഇ.ടി. മുഹമ്മദ്ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചു കാണിച്ചുകൊണ്ട് നടത്തിയ ആധാരങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 35 ശതമാനം കൂടുതൽ അടപ്പിച്ചുകൊണ്ട് നിലവിലുള്ള കേസ്സുകളിൽ തീർപ്പുകൽപ്പിച്ചതുവഴി സർക്കാരിന് നാളിതുവരെയായി എത്ര രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്;

(ബി) എത്ര രൂപയുടെ വരുമാനമാണ് സർക്കാർ പ്രതീക്ഷിച്ചിരുന്നത്; വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ എത്ര?

ഉത്തരം

(എ) ആധാരത്തിൽ ഭൂമിയുടെ വില കുറച്ചുകാണിച്ച് മുദ്രസല വെട്ടിച്ചതായി കണ്ടെത്തിയ 1.1.1986 മുതൽ 31.12.1995 വരെയുള്ള കേസ്സുകളിൽ ആധാരങ്ങളിൽ കാണിച്ചിരിക്കുന്ന മുദ്രസലയുടെ 30% കൂടുതലായി അടപ്പിച്ച് തീർപ്പാക്കിയതുവഴി സർക്കാരിന് 14,90,33,183 രൂപ അധികമായി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 50 കോടി രൂപ പ്രതീക്ഷിച്ചു. പ്രതീക്ഷിച്ചതിൽനിന്നും 35,09,66,817 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

36 (999) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ ഓഫീസിലെ ഇൻസ്പെക്ഷൻ

ശ്രീ. വി. ബാലറാം :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ ഓഫീസിൽ നടത്തിയ പരിശോധനയെത്തുടർന്ന് 10.9.1997 ൽ ഗവൺമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിൻമേൽ അന്തിമ തീരുമാനം ആയോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ടിന്മേൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിലെ ശുപാർശകളിൻമേൽ ഇതിനകം എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്തിമ തീരുമാനമായി.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) ഹർജിക്കാരന്റെ പരാതിയിൽ ആരോപിച്ച പ്രകാരം ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി വ്യക്തമായ തെളിവുകൾ ഒന്നും ലഭിച്ചിരുന്നില്ല. മാത്രമല്ല ഓഫീസ് അന്തരീക്ഷം കൂടുതൽ ആരോഗ്യകരമായ നിലയിലാണെന്നതുകൊണ്ട് അനന്തര നടപടികൾ ആവശ്യമില്ല എന്ന് തീരുമാനമെടുക്കുകയും ചെയ്തു.

37 (1000) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം, പ്രമോഷൻ

ശ്രീ. എ.കെ. മണി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ഇൻസ്പെക്ടർ, ഓഡിറ്റർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ സ്ഥലംമാറ്റം, പ്രമോഷൻ എന്നിവയെ സംബന്ധിച്ച് ഡയറക്ടർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ടൈപ്പിസ്റ്റ് - സി.എ. അസോസിയേഷനുകൂടി ലഭ്യമാക്കണമെന്ന് ഗവൺമെന്റിൽനിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം ഉൾക്കൊള്ളുന്ന കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly